# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1071 21/03/2013-ൽ മറുപടിക്ക്

## കുന്ദമംഗലം ഹയർസെക്കണ്ടറി സ്കൂളിലെ ഹിന്ദി അദ്ധ്യാപക നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. ദാസൻ : | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് റവന്യൂ ജില്ലയിലെ താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിൽ കുന്ദമംഗലം ഹയർ സെക്കണ്ടറി സ്കൂളിലെ ജൂനിയർ ഹിന്ദി അദ്ധ്യാപിക കെ.നിതയുടെ നിയമനം അംഗീകരിച്ചുവോ; എങ്കിൽ പ്രസ്തുത നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ നൽകിയ നിയമന ഉത്തരവ് ഫോം 27, നിയമന അംഗീകാര അപേക്ഷയോടൊപ്പം സമർപ്പിച്ച ആന്റിസിഡന്റ്സ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് നൽകാമോ ; | (എ) അംഗീകരിച്ചു. നിയമന ഉത്തരവ് ഫോറം നം.27, ആന്റിസിഡന്റ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിൽ തന്നെ കുന്ദമംഗലം എച്ച്.എസ്.എസ് ലെ ഹിന്ദി എച്ച്.എസ്.എ ശ്രീമതി ഗീതയുടെ നിയമനം അംഗീകരിച്ചുവോ എന്ന് വ്യക്തമാക്കുമോ; നിയമനം അംഗീകരിച്ചെങ്കിൽ നിയമനാംഗീകാരം നൽകിയ ഉത്തരവിന്റെ പകർപ്പ്, അധ്യാപികയുടേതായി ഹാജരാക്കിയ യോഗ്യത സർട്ടിഫിക്കറ്റുകളുടെ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അധ്യാപികയുടെ ശിക്ഷാ വിശാരദ് യോഗ്യതയുടെ മാർക്ക് ലിസ്റ്റ്, അധ്യാപികയുടെ യോഗ്യത സർട്ടിഫിക്കറ്റ്, നിർവ്യാജത്വം പരിശോധിക്കുന്നതിന് എഴുതിയ കത്തിന്റെ പകർപ്പ്, നിർവ്യാജത്വം ശരിവെച്ചുകൊണ്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചിട്ടുള്ള മറുപടി എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) അംഗീകരിച്ചിട്ടുണ്ട്. നിയമനാംഗീകാരം നൽകിയ ഉത്തരവിന്റെ പകർപ്പ്, ടി അധ്യാപികയുടെ യോഗ്യത വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, ശിക്ഷാ വിശാരദ് യോഗ്യതയുടെ മാർക്ക് ലിസ്റ്റ്, യോഗ്യതാ സർട്ടിഫിക്കറ്റ്, നിർവ്യാജത്വം പരിശോധിക്കുന്നതിന് എഴുതിയ കത്തിന്റെ പകർപ്പ്, നിർവ്യാജത്വം തെളിയിട്ടുകൊണ്ടുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |

(സി) ഹിന്ദി "ശിക്ഷാ വിശാരദ്" സർട്ടിഫിക്കറ്റ് അംഗീകാരത്തിനായി എൻ.സി.റ്റി.ഇ അംഗീകരിച്ച കേരളത്തിലെ കേന്ദ്രങ്ങൾ ഏതെല്ലാം എന്നത് വ്യക്തമാക്കാമോ ;

(സി) ഹിന്ദി "ശിക്ഷാ വിശാരദ്" സർട്ടിഫിക്കറ്റ് അംഗീകാരത്തിനായി എൻ.സി.റ്റി.ഇ അംഗീകരിച്ച കേരളത്തിലെ കേന്ദ്രങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1) കസ്തൂർബാ ഗാന്ധി മെമ്മോറിയൽ ഹിന്ദി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നെടുമ്പുഴ, തൃശ്ശൂർ
2) ഹിന്ദി പ്രചാർ കേന്ദ്ര് കൊടുങ്ങല്ലൂർ, തൃശ്ശൂർ
3) കേന്ദ്രീയ ഹിന്ദി മഹാ വിദ്യാലയം മണപ്പാടം, പാലക്കാട്.

(ഡി) ഹിന്ദി അധ്യാപിക ഗീതയുടെ നിയമനം സംബന്ധിച്ചും യോഗ്യത (ശിക്ഷാ വിശാരദ്) സംബന്ധിച്ചും നിഖേഷ് എന്ന വ്യക്തി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പരാതി നൽകിയിരുന്നുവോ ; ഈ പരാതിയിൽ അധ്യാപിക പഠിച്ചത് എൻ.സി.റ്റി.ഇ അംഗീകാരമുള്ള കേന്ദ്രത്തിൽ അല്ല എന്നും തൃശ്ശൂർ നായകനാൽ കേന്ദ്രമായി പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ ആണ് എന്നും പറഞ്ഞിരുന്നുവോ ; പരാതിയിൽ ഉന്നയിച്ച കാര്യങ്ങൽ സംബന്ധിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്തെല്ലാം അന്വേഷണങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ ;

(ഡി) നൽകിയിരുന്നു. ടി അദ്ധ്യാപിക പഠിച്ചത് എൻ.സി.ടി.ഇ. അംഗീകാരമുള്ള കേന്ദ്രത്തിൽ അല്ല എന്ന് കാണിച്ചാണ് പരാതി നൽകിയിരുന്നത്. ശ്രീമതി ഒ.ഗീതയുടെ ശിക്ഷാ വിശാരദ് സർട്ടിഫിക്കറ്റിൽ കോഴ്സ് നടത്തപ്പെട്ടത് തൃശ്ശൂർ കേന്ദ്രത്തിൽ ആണെന്നതിനാൽ സാധുത തെളിയിക്കുന്നതിനായി അലഹബാദ് ഹിന്ദി സാഹിത്യ സമ്മേളനത്തിലേയ്ക്ക് അയക്കുകയും സർട്ടിഫിക്കറ്റ് ശരിയാണെന്നും കോഴ്സ് പൂർത്തികരിച്ചത് അംഗീകാരമുള്ള കൊടുങ്ങല്ലൂർ കേന്ദ്രത്തിലാണെന്നും അറിയിച്ചിരുന്നു. ആയതിനാൽ പ്രസ്തുത പരാതി സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയിട്ടില്ല.

(ഇ) നിഖേഷ് എന്ന വ്യക്തിയുടെ പരാതി ലഭിക്കുന്ന സമയത്ത് ഗീത എന്ന അധ്യാപികയുടെ നിയമനത്തിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിരുന്നുവോ ; ഇല്ലെങ്കിൽ ഈ നിയമനം സംബന്ധിച്ച് വ്യക്തമായ ആക്ഷേപങ്ങൾ കാണിച്ച് നൽകിയ പരാതിയിന്മേൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഏത് തരത്തിലുള്ള അന്വേഷണമാണ് നടത്തിയത് എന്ന് വ്യക്തമാക്കാമോ ;

(ഇ) &(എഫ്) ഇല്ല. ശ്രീമതി ഒ.ഗീതയുടെ ശിക്ഷാ വിശാരദ് സർട്ടിഫിക്കറ്റിന്റെ സാധുത തെളിയിക്കുന്നതിനായി അയച്ചത് ലഭ്യമാകാത്തതുകൊണ്ടാണ് ടി അദ്ധ്യാപികയ്ക്ക് നിയമനം നൽകാതിരുന്നത്. നിയമന അംഗീകാരത്തിന് സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ നിന്നാണെങ്കിൽ പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ബന്ധപ്പെട്ട യൂണിവേഴ്സിറ്റിക്ക് അയച്ച് നിജസ്ഥിതി പരിശോധിച്ച് ഉറപ്പു വരുത്തുകയാണ് നിയമന അംഗീകാരം നൽകുന്നയാൾ ചെയ്യുന്നത്. ശ്രീമതി ഒ.ഗീത കോഴ്സ് പൂർത്തിയാക്കിയത് അംഗീകാരമുള്ള കൊടുങ്ങല്ലൂർ കേന്ദ്രത്തിലാണെന്ന് യൂണിവേഴ്സിറ്റി അധികാരികൾ അറിയിച്ച സാഹചര്യത്തിൽ ഇതിന്മേൽ കൂടുതൽ അന്വേഷണം നടത്തിയിട്ടില്ല.

(എഫ്) ഈ കാര്യത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ജി) ശ്രീ.നിവേഷ് ഈ വിഷയത്തിൽ ചില രേഖകൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട അപേക്ഷയിൽ രേഖകൾ സാക്ഷ്യപ്പെടുത്തി നൽകാൻ ആവശ്യപ്പെട്ടിട്ടും വിവരാവകാശ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകാത്തത് എന്തുകൊണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ജി) ശ്രീ.നിവേഷ് പ്രസ്തുത വിഷയത്തിൽ ചില രേഖകൾ വിവരാവകാശ നിയമപ്രകാരം നൽകുവാനാവശ്യപ്പെടുകയും പ്രസ്തുത രേഖകൾ വിവരാവകാശ ഓഫീസർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖകളിൽ വിവരാവകാശ ഓഫീസർ സാക്ഷ്യപ്പെടുത്തുവാൻ വിട്ടുപോയതാണെന്ന് അറിയിച്ചിട്ടുണ്ട്.

(എച്ച്) അന്യ സംസ്ഥാനത്ത് നിന്നുള്ള യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം അംഗീകരിക്കുമ്പോൾ പ്രസ്തുത യോഗ്യത സർട്ടിഫിക്കറ്റിന്റെ നിർവ്യാജത്വം പരിശോധിക്കുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ (താമരശ്ശേരി) നിന്ന് കത്തയയ്ക്കാറുണ്ടോ ; എങ്കിൽ രജിസ്റ്റേർഡ് ആയിട്ടാണോ കത്ത് അയയ്ക്കാറുള്ളത് എന്നത് വ്യക്തമാക്കാമോ ?

(എച്ച്) യോഗ്യതാ സർട്ടിഫിക്കറ്റിന്റെ നിർവ്യാജത്വം പരിശോധിക്കുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ (താമരശ്ശേരി) നിന്ന് ചില സന്ദർഭങ്ങളിൽ രജിസ്റ്റേർഡ് ആയിട്ടും മറ്റു ചില സന്ദർഭങ്ങളിൽ ഓർഡിനറി ആയിട്ടും കത്തയയ്ക്കാറുണ്ട്. ചില യൂണിവേഴ്സിറ്റികളിൽ നിജസ്ഥിതി അറിയിക്കുന്നതിന് ഫീസ് ഇനത്തിൽ ഡിഡി അയക്കേണ്ടി വരുമ്പോൾ രജിസ്റ്റേർഡ് ആയും അല്ലാത്ത സന്ദർഭങ്ങളിൽ സാധാരണ തപാലായും കത്ത് അയയ്ക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്